**തിരുത്തിയ ഉത്തരം**

**നക്ഷത്ര ചിഹ്നമിടാത്ത 3561 –ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പതിമൂന്നാം കെ.എൽ.എ.–യുടെ പത്താം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3561–ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ചരമോപചാരം**

മി. ഡെപ്യൂട്ടി സ്പീക്കർ: മുൻ രാജ്യസഭാംഗം പി. ആർ. രാജൻ, കേരള നിയമസഭാംഗങ്ങളായിരുന്ന ആർ. ഗോപാലകൃഷ്ണൻ നായർ, കെ. പുരുഷോത്തമൻ എന്നിവർ അടുത്ത കാലത്ത് നിര്യാതരായി.

**പി. ആർ. രാജൻ**

മുൻ രാജ്യസഭാംഗം പി. ആർ. രാജൻ 2014 ഫെബ്രുവരി 19-ന് അന്തരിച്ചു. തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളിയിൽ പി.എസ്. രാമന്റേയും എ.കെ. നാരായണിയുടേയും മകനായി 1936 മേയ് 24–ന് പി. ആർ. രാജൻ ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെയും തൊഴിലാളി സംഘടനാപ്രവർത്തകനായും അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് സജീവമായി. വില്പനനികുതി വകുപ്പിൽ ഉദ്യോഗസ്ഥനായി

ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം എൻ.ജി.ഒ. യൂണിയന്റെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്നു.

2006-ൽ സി.പി.ഐ(എം) പ്രതിനിധിയായി രാജ്യസഭയിലേയ്ക്ക് പി.ആർ. രാജൻ തെരഞ്ഞെടുക്കപ്പെട്ടു. ഗ്രാമവികസനം, ഓഫീസ് ഓഫ് പ്രോഫിറ്റ് എന്നിവ സംബന്ധിച്ച പാർലമെന്ററി സമിതികളിലും പ്രതിരോധ വകുപ്പിനെ സംബന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും അംഗമായിരുന്നു. സി.പി.ഐ (എം.) തൃശ്ശൂർ ജില്ലാ കമ്മിറ്റി, ജില്ലാ സെക്രട്ടേറിയറ്റ്, സംസ്ഥാന സമിതി എന്നിവയിൽ അംഗമായും തൃശ്ശൂർ ജില്ലാ സെക്രട്ടറിയായും, ദേശാഭിമാനി തൃശ്ശൂർ യൂണിറ്റ് മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം എൻ.ജി.ഒ. യൂണിയൻ സംസ്ഥാന സെക്രട്ടറിയായിരുന്ന അദ്ദേഹം കേരളത്തിലെ സർവ്വീസ് സംഘടനകളുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചു.

സൗമ്യമായ പെരുമാറ്റവും ലളിതജീവിതവുംകൊണ്ട് എല്ലാവരുടേയും ആദരവ് പിടിച്ചുപറ്റിയ പി. ആർ. രാജന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച പൊതുപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>ആർ. ഗോപാലകൃഷ്ണൻ നായർ</u>

മുൻ കേരള നിയമസഭാംഗം ആർ. ഗോപാലകൃഷ്ണൻ നായർ 2014 ഏപ്രിൽ 19-ന് അന്തരിച്ചു.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കെ. പി. രാഘവൻ നായരുടേയും കമലാ ഭായി അമ്മയുടേയും മകനായി 1931 മാർച്ചിൽ ആർ.ഗോപാലകൃഷ്ണൻ നായർ ജനിച്ചു. സ്റ്റുഡന്റ്സ് കോൺഗ്രസ്സിലൂടെ പൊതുപ്രവർത്തന രംഗത്തെത്തിയ അദ്ദേഹം അഭിഭാഷകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

1967–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും മൂന്നാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, നെയ്യാറ്റിൻകര കാർഷിക വികസന ബാങ്ക്, തിരുവനന്തപുരം ബാർ അസോസിയേഷൻ എന്നിവയുടെ പ്രസിഡന്റായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല യൂണിയൻ പ്രസിഡന്റ്, സ്റ്റുഡന്റ്സ് കോൺഗ്രസ്സ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ആർ. ഗോപാലകൃഷ്ണൻ നായരുടെ നിര്യാണത്തോടെ മികച്ച ഒരു പൊതുപ്രവർത്തകനേയും സഹകാരിയേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>കെ. പുരുഷോത്തമൻ</u>

മുൻ കേരള നിയമസഭാംഗം കെ. പുരുഷോത്തമൻ 2014 മേയ് 9–ന് അന്തരിച്ചു.

കാസർഗോഡ് ജില്ലയിൽ എൻ.സി. കണ്ണന്റെ മകനായി 1930 ഡിസംബർ 21-ന് കെ. പുരുഷോത്തമൻ ജനിച്ചു. അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ രാഷ്ട്രീയത്തിൽ സജീവമായി.

1980-ൽ ഉദുമ നിയോജകമണ്ഡലത്തിൽനിന്നും ആറാം കേരള നിയമസഭയിലേയ്ക്കും 1985-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഇതേ നിയോജകമണ്ഡലത്തിൽനിന്നും ഏഴാം കേരള നിയമസഭയിലേയ്ക്കും സി.പി.ഐ(എം.) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. കാസർഗോഡ് ജില്ലയിലെ നിരവധി കർഷക-കർഷത്തൊഴിലാളി സമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി.

കാഞ്ഞങ്ങാട് നഗരസഭാ അദ്ധ്യക്ഷൻ, കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, ഹോസ്ദുർഗ്ഗ് ബാർ അസോസിയേഷൻ പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം സി.പി.ഐ(എം.) കാസർഗോഡ് ജില്ലാ കമ്മിറ്റി അംഗവും കർഷക സംഘം കാസർഗോഡ് ജില്ലാ പ്രസിഡന്റും ആയിരുന്നു.

കെ. പുരുഷോത്തമന്റെ നിര്യാണത്തോടെ സഹകരണ പ്രസ്ഥാനത്തിലും അഭിഭാഷകവൃത്തിയിലും വ്യക്തിമുദ്ര പതിപ്പിച്ച മികച്ച ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)